## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.628** **13.01.2021 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ . കെ. സി . ജോസഫ്** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സൗര പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം 2021 ഓടുകൂടി ആയിരം മെഗാവാട്ട് കൂട്ടിച്ചേർക്കുവാൻ പദ്ധതി ആവിഷ്കരിച്ചിരുന്നോ; അതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ ; | (എ) | അതെ. 'സൗര' പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ സൗരോർജ്ജ വൈദ്യുതോൽപാദനം 1000 മെഗാവാട്ട് കൂട്ടി ചേർക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ മുഖേനയും ബാക്കി 500 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ, നിലത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ മുഖേനയുമാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത്.<br><br>പുരപ്പുറ സോളാർ നിലയങ്ങൾ വഴി 300 മെഗാവാട്ട് 2021-ൽ കൂട്ടി ചേർക്കാനുള്ള ജോലികൾ കെ.എസ്.ഇ.ബി.എൽ മുഖാന്തിരം നടന്നു വരുന്നു.<br><br>'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് മുഖാന്തിരം സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാ വാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്.<br><br>അനെർട്ട് രണ്ടു രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപന ത്തിന്റെ മുതൽ മുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ചു നല്കുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽ മുടക്കില്ലാതെ സൗരോജ്ജ നിലയം റെസ് കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പുരപ്പുറ സോളാർ പദ്ധതിക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വീടുകൾക്കുള്ള പുരപ്പുറ സോളാർ പദ്ധതിയ്ക്ക് കേന്ദ്ര സബ്സിഡി ലഭിക്കുന്നുണ്ട്. 3 കിലോവാട്ട് വരെ സ്ഥാപിത ശേഷിയുള്ള പ്ലാന്റുകൾക്ക് പദ്ധതി ചെലവിന്റെ 40% സബ്സിഡി ലഭിയ്ക്കും. മൂന്ന് കിലോവാട്ടിന് മുകളിൽ ശേഷിയുള്ള പ്ലാന്റുകൾക്ക് ആദ്യത്തെ മൂന്ന് കിലോവാട്ടിന് 40% വും, നാല് കിലോവാട്ട് മുതൽ പത്ത് കിലോവാട്ട് വരെയുള്ള പ്ലാന്റ് കപ്പാസിറ്റിയ്ക്ക് 20% വുമാണ് സബ്സിഡി. |
| (സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉപഭോക്താക്കൾക്ക് ഈ പദ്ധതി ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (സി) | സർക്കാരിന്റെ അനുവാദത്തോടുകൂടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ പങ്ക് ചേരാൻ പദ്ധതി ചെലവിന്റെ 12%, 20%, 25% മുതൽ മുടക്കി സബ്സിഡി പ്രോജക്ടിൽ പങ്ക് ചേരാം. ഉപഭോക്താവിന്റെ മുതൽമുടക്കും കേന്ദ്ര സബ്സിഡിയും ഒഴികെയുള്ള തുക കേരള ഇലക്ട്രിസിറ്റി ബോർഡ് മുതൽ മുടക്കിയുള്ള കേരള മോഡലുകളും ഈ സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്രപേരെ തെരഞ്ഞെടുത്തുവെന്നും അറിയിക്കാമോ; | (ഡി) | 06.01.2021 വരെ 14456 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവരേയും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനായുള്ള സർവ്വെ നടപടികൾ ജനുവരി 18 മുതൽ ആരംഭിക്കുന്നതാണ്. |
| (ഇ) | ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേരിലെത്തിക്കുന്നതിന് കേന്ദ്രം പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | 2020-22 വർഷത്തേക്ക് 200 മെഗാവാട്ട് കൂടി സബ്സിഡി സ്കീമിൽ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | ഇതിലൂടെ എത്രപേർക്ക് കൂടി പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (എഫ്) | 2019-20 –ൽ അനുവദിച്ച 50 മെഗാവാട്ട്, 2020-21 – ൽ അനുവദിച്ച 200 മെഗാവാട്ടിലുമായി 75000 - ലധികം ഉപഭോക്താക്കൾക്ക് ഈ പദ്ധതി മുഖേന പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയും എന്നാണ് കണക്കാക്കുന്നത്. |

Radhika

**സെക്ഷൻ ഓഫീസർ**